

# 'കൂടംകുളം കേരളത്തിന് ഭീഷണി'

തിരുവനന്തപുരം: മലയാളികൾ അറിയാതെ കേരളത്തിന്റെ പൂമുഖത്ത് ആറ്റംബോംബ് ഉയരുകയാണെന്ന് പീപ്പിൾസ് മൂവ്മെന്റ് എഗയൻസ്റ്റ് ന്യൂക്ലിയർ എനർജി കൺവീനർ ഉദയകുമാർ. തിരുവനന്തപുരത്ത്നിന്ന് 90 കിലോമീറ്റർ അകലെ തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ പൂർത്തിയാകുന്ന കൂടംകുളം ആണവ റിയാക്ടർ കേരളത്തിലെ അഞ്ച് ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും കടുത്തഭീഷണിയാണ് ഉയർത്തുന്നതെന്ന് അദ്ദേഹം 'മാധ്യമ'ത്തോട് പറഞ്ഞു. കൂടംകുളം ആണവ റിയാക്ടറിനെതിരെ ദൽഹിയിൽ ഗാന്ധി ജയന്തിദിനമായ ഒക്ടോബർ രണ്ടിന് സംഘടിപ്പിക്കുന്ന ദൽഹി റാലിയെ സംബന്ധിച്ച വിവരങ്ങൾ പ്രഖ്യാപിക്കാൻ തലസ്ഥാനത്ത് എത്തിയതായിരുന്നു ഉദയകുമാർ. 'ആണവ റിയാക്ടറിന് വേണ്ടി വിദേശ രാജ്യങ്ങളിൽ നിന്ന് കൊണ്ടുവരുന്ന അതീവ ആണവ വികിരണമുള്ള യുറേനിയം ഇന്ധനം (ഫ്യൂവൽ റോഡ്) തിരുവനന്തപുരം വിമാനത്താവളത്തിൽ സാധാരണ കാർഗോ പോലെ കൊണ്ടുവന്ന് യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെയും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാതെയും രാത്രിയാമാനം റോഡ് മാർഗമാണ് കൂടംകുളത്തേക്ക് കൊണ്ടുപോകുന്ന' തെന്ന് ഉദയകുമാർ പറഞ്ഞു. 'തിരുവനന്തപുരത്ത് ജനസാന്ദ്രത ഏറെ കൂടിയ തീരപ്രദേശം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലൂടെയാണ് ഇത് കൊണ്ടുപോകുന്നത്. മാത്രമല്ല കൂടംകുളം ആണവ റിയാക്ടറിന് വേണ്ടി കടലിൽ നിന്നും എടുക്കുന്ന വെള്ളം മലിനീകരിക്കപ്പെട്ട ശേഷം വീണ്ടും കടലിലേക്കാവും ഒഴുക്കുക. ഇത് തമിഴ്നാട്ടിലേയും കേരളത്തിലെയും ശ്രീലങ്കയിലേയും മത്സ്യ സമ്പത്തിനെയും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിനെയും തകർക്കുന്നതിലാവും കലാശിക്കുക. റേഡിയോ ആക്ടീവായ ട്രിഷിയം കലർന്ന വെള്ളമാണ് കടലിൽ ഒഴുക്കുക. ഇത് കടലിൽ മത്സ്യസമ്പത്തിന് ഏൽപ്പിക്കുന്ന ആഘാതം നിസ്സാരമായിരിക്കില്ല. ആണവ റേഡിയേഷൻ ബാധിച്ച മത്സ്യങ്ങളെയാവും ഭക്ഷിക്കുക. കൂടാതെ കടലിലെ സസ്യപ്ലവങ്ങളും ആണവ റേഡിയേഷനാൽ നശിക്കും. 'കന്യാകുമാരി, തിരുനെൽവേലി ജില്ലകളിൽ ഇടക്കിടെ ചെറിയ ഭൂചലനം പതിവാണ്. കഴിഞ്ഞ മാസവും കൂടംകുളം പ്ലാന്റ് സ്ഥിതിചെയ്യുന്നതിന് തൊട്ടടുത്ത ഗ്രാമങ്ങളിൽ ഭൂചലനം ഉണ്ടായതാണ്. ആണവ റിയാക്ടറിന് ഉണ്ടായേക്കാവുന്ന ഏതൊരു ചെറിയ അപകടവും തെക്കൻ കേരളത്തിലെ




യും തമിഴ്നാട്ടിലെയും ജീവന്റെ അവസാനത്തെ കണികയെയും തുടച്ചു നീക്കുന്നതാവും. കേരളത്തിലെ ചവറയിലേത് പോലെ റേഡിയേഷനുള്ള തോറിയം, മോണോസൈറ്റ്, ബോക്സോൺ തുടങ്ങിയ മണലുകൾ ഖനനം ചെയ്യുന്ന തൂത്തുക്കുടിയിലെ മത്സ്യക്കുടികളിൽ കാൻസർ രോഗികളില്ലാത്ത ഒരു വീടുപോലുമില്ലെന്ന അവസ്ഥയാണ് ഇന്നുള്ളത്. ആണവ അപകടം ഉണ്ടായാൽ പാലിക്കേണ്ട മുൻകരുതലുകളെ കുറിച്ച് അന്താരാഷ്ട്ര ഏജൻസികൾ അടക്കം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകളെകുറിച്ച് പോലും കേരളത്തിലെ അധികൃതർ ബോധവന്മാരല്ലെന്ന് ഉദയകുമാർ പറഞ്ഞു.

*(മാധ്യമം/ സെപ്തംബർ 17)*

പ്രിയ കേരളീയം വായനക്കാരാ/രി,

വരിസംഖ്യ

**240/-** രൂപ

*അയച്ചുതന്ന് സഹകരിക്കുമല്ലോ.*

*കൂടാതെ*

**സംഭാവന, അറിയിപ്പുകൾ വാർത്തകൾ, വിശകലനങ്ങൾ**

*തുടങ്ങിയവയും അയച്ചുതരുമല്ലോ.*

കേരളീയം, കൊക്കാലെ, തൃശൂർ-21.

ഫോൺ : 9446576943, 9446586943, 0487-2421385